ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: .......(മൈക്ക് ഓഫ്).......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻ നായർ, അങ്ങ് സബ്മിഷൻ എഴുതി തന്നത് ഇന്ന് രാവിലെയാണ്. അങ്ങേയ്ക്ക് ബഹളമുണ്ടാക്കണമെങ്കിൽ ബഹളമുണ്ടാക്കാം. അങ്ങ് എഴുതി തന്നത് ഇന്നാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി കളക്ട് ചെയ്യണ്ടേ? സബ്മിഷൻ ഇന്ന് രാവിലെ നൽകിയാൽ ഇപ്പോൾ മറുപടി നൽകാൻ സാധിക്കുമോ? മറുപടി വരട്ടെ, മറുപടി വന്നാൽ അങ്ങേയ്ക്ക് അനുവദിക്കാം. ഇല്ലെങ്കിൽ നാളെ ഈ സബ്മിഷൻ അനുവദിക്കുന്നതാണ്.

(സബ്മിഷൻ)

## സബ്മിഷൻ

### അരുവിപ്പുറം മഠത്തിൽ അക്രമം നടത്തിയവർക്കെതിരെ നടപടി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിന്റെ നവോത്ഥാനത്തിന് തുടക്കം കുറിച്ചുകൊണ്ട് ശ്രീനാരായണ ഗുരു 1888-ൽ ശിവപ്രതിഷ്ഠ നടത്തിയ അരുവിപ്പുറം മഠം കേരള നവോത്ഥാന ചരിത്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലാണ്. ശിവഗിരി മഠത്തിന്റെ നേരിട്ടുള്ള ചുമതലയിലാണ് അരുവിപ്പുറം മഠം. ശിവഗിരിയിൽ നിന്നും നിയോഗിക്കുന്ന സ്വാമിമാരാണ് മഠത്തിന് നേതൃത്വം നൽകുന്നത്. മഠം സെക്രട്ടറിയായ സ്വാമി സാന്ദ്രാനന്ദയുടെ ശ്രമഫലമായി വലിയ വികസന പ്രവർത്തനങ്ങളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഗുരുദേവന്റെ ആശയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ ജാതിമതസ്ഥർക്കും ആരാധന നടത്തുന്നതിനും ഗുരുദേവന്റെ ആശയങ്ങൾ ഉൾക്കൊള്ളുന്നതിനുമുള്ള അവസരം അവിടെ സംജാതമാണ്. ചില തൽപ്പരകക്ഷികളുടെ നേതൃത്വത്തിൽ

ജാതി അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവന്നിരുന്ന പ്രാദേശിക സമിതികളുടെ പ്രവർത്തനം നിർത്തലാക്കിയതിനാൽ അരിശം പൂണ്ട ഒരു വിഭാഗം സാമൂഹ്യ വിരുദ്ധർ 2013 ഡിസംബർ 31-ന് തിങ്കളാഴ്ച മഠത്തിൽ കടന്നുകയറി നാശനഷ്ടങ്ങളുണ്ടാക്കി സ്വാമിയെ ദേഹോപദ്രവം ചെയ്യുന്നതിന് ശ്രമിക്കുക യുമുണ്ടായി. 1.1.2014-നും ഇതേ പോലുള്ള അക്രമികൾ മദ്യപിച്ച് മഠത്തിൽ അക്രമണം നടത്തി. പോലീസിൽ പരാതിപ്പെട്ടിട്ടും യാതൊരു ഫലവുമുണ്ടാ യില്ല. കോൺഗ്രസ് പാർട്ടിയുടെ ബ്ലോക്ക് പ്രസിഡന്റായ മൈനു എന്നു വിളിക്കുന്ന എസ്.കെ. ജയചന്ദ്രനാണ് അക്രമത്തിന് നേതൃത്വം നൽകിയത്. ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ പങ്കെടുത്ത എന്നോട് ഈ വിഷയം ശിവഗിരിയിലെ സ്വാമിമാർ ധരിപ്പിച്ചു. അതുപ്രകാരം ഈ വിഷയം ഫോണിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരികയും സംഭവത്തെ അപലപിച്ചുകൊണ്ട് പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെ ത്തുടർന്ന് 11 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തുവെന്നല്ലാതെ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികളൊന്നുമുണ്ടായില്ല. വീണ്ടും ആഭ്യന്തരമന്ത്രിയുമായി ബന്ധപ്പെട്ടതിനെത്തുടർന്ന് ഗുണ്ടകളായ മൂന്നുപേരെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തു. എന്നാൽ ഇതിന് നേതൃത്വം കൊടുത്ത 1, 2, 3 പ്രതികളായ എസ്.കെ. ജയചന്ദ്രൻ, അനീഷ്, നിർമ്മൽ തുടങ്ങിയവരെ അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ പോലും പോലീസ് ചെയ്തിട്ടില്ല. മുഖ്യമന്ത്രിയെയും ആഭ്യന്തരമന്ത്രിയെയും സ്വാമി മാർ നേരിട്ട് കണ്ട് പരാതി നൽകിയിരുന്നു. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി സ്വാമിക്ക് പോലീസ് സംരക്ഷണം നൽകാമെന്ന സമീപനമാണ് സ്വീകരിച്ചത്.

ശ്രീനാരായണ ഗുരുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി കാഷായ വസ്ത്രം ധരിച്ച് സന്യാസം സ്വീകരിച്ച സ്വാമിമാർക്ക് പോലീസ് സംരക്ഷണ ത്തിലൂടെ മാത്രമേ അവരുടെ മഠങ്ങൾ പ്രവേശിക്കാൻ സാധിക്കൂവെന്ന് വരുന്നത് അങ്ങേയറ്റം പരിതാപകരവും പ്രതിഷേധാർഹവുമാണ്. ആയതിനാൽ ഇതിലുൾപ്പെട്ട മുഴുവൻ പ്രതികളുടേയും പേരിൽ കേസ് രജി സ്റ്റർ ചെയ്ത് മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുവാൻ സർക്കാർ തയ്യാറാകണമെന്നും അതുപോലെ തന്നെ അരുവിപ്പുറം മഠത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് സ്വാമിമാർക്ക് അവസരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ കീഴിലുള്ള അരുവിപ്പുറം ക്ഷേത്ര മഠത്തിലെ മാലിന്യങ്ങൾ നെയ്യാറിലേയ്ക്ക് ഒഴുക്കിവിടുന്നതായി അറിഞ്ഞ് 30.12.2013–ന് രാത്രി 10 മണിയോടെ നാട്ടുകാരായ എസ്.എൻ.ഡി.പി. പ്രവർത്തകർ മഠത്തിൽ സ്വാമിയുടെ മുറിയിലെത്തി പ്രതിഷേധിച്ചു. തുടർന്ന് മഠത്തിലെ സ്വാമി നാട്ടുകാർ പ്രതിഷേധിക്കുന്ന വിവരം എസ്.ഐ.–യെ അറിയിക്കുകയും അതിന്റെയടിസ്ഥാനത്തിൽ നെയ്യാറ്റിൻകര സബ് ഇൻസ്പെക്ടർ ഉടൻ സ്ഥലത്തെത്തി പരിശോധിച്ചതിൽ അരുവിപ്പുറം മഠത്തിന് തെക്ക് പടിഞ്ഞാറ് മൂലയിൽ ബാത്ത്റൂമിനോട് ചേർന്നുള്ള സെപ്റ്റിക് ടാങ്കിന്റെ സ്ലാബ് ഇളക്കി മാറ്റി അതിലെ മാലിന്യങ്ങൾ പൈപ്പ് വഴി ആറ്റിലേയ്ക്ക് ഒഴുക്കി വിടുന്നതായി കണ്ട് സ്ഥലത്ത് കാണപ്പെട്ട പൈപ്പ്, പിക്കാസ്, മൺവെട്ടി, കമ്പിപ്പാരകൾ എന്നിവയും മാലിന്യത്തിന്റെ സാമ്പി

ളുകൾ മഹസർ പ്രകാരം ബന്തവസ്സിലെടുത്ത് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 268, 269, 277, കെ.പി. ആക്ട് 120(ഇ) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1716/13 ആയി പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. 1.1.2014-ന് വൈകിട്ട് ആറു മണിയോടെ രണ്ട് പ്രാവശ്യമായി മൈനു എന്നുവിളിക്കുന്ന ജയചന്ദ്രൻ, മനോജ്, തെക്കേക്കര പ്രേമൻ, ആയിൽ സന്തോഷ്, റാം, സുമേഷ് എന്നിവരും കണ്ടാലറിയാവുന്ന 35 പേരും ചേർന്ന് അതിക്രമിച്ച് അന്തേവാസികളെയും അരുവിപ്പുറം കോ-ഓപ്പറേറ്റീവ് ജീവനക്കാരെയും അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കസേരകൾ അടിച്ചുപ്പൊട്ടിച്ച് നാശനഷ്ടം വരുത്തുകയും ചെയ്തു. ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി പ്രകാശാനന്ദയുടെ 2.1.2014-ലെ പരാതിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞവരെ പ്രതികളാക്കി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 143, 144, 147, 148, 427, 447, 294(ബി), 506 എന്നീ വകുപ്പുകൾ പ്രകാരം സി.ആർ.പി.സി. 15/14 ആയി കേസ് രജിസ്റ്റർ ചെയ്തു. അക്രമത്തിൽ രണ്ട് പ്ലാസ്റ്റിക് കസേരകളും ഒരു സെൽഫിന്റെ പാളിയും പൊട്ടിയതിൽ 1000 രൂപയുടെ നാശനഷ്ടമുണ്ടായി. ഈ കേസ് നെയ്യാറ്റിൻകര പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരവെ എഫ്.ഐ.ആർ-ലെ 148, 447 എന്നീ വകുപ്പുകൾ കുറവ് ചെയ്തും ഐ.പി.സി. 149, 323, 452 എന്നീ വകുപ്പുകൾ കൂടുതലായും ചേർത്തും അന്വേഷണം നടത്തുന്ന വിവരത്തിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൽ 4, 5, 6 പ്രതികളായ സന്തോഷ്, റാം, സുമേഷ് എന്നിവരെ 16.01.2014-ാം തീയതി അറസ്റ്റ് ചെയ്ത്

കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയുണ്ടായി. ശേഷിക്കുന്ന 1 മുതൽ 3 വരെയുള്ള പ്രതികളെയും കണ്ടാലറിയാവുന്ന 35-ഓളം പ്രതികളെയും വിലാസം തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ ശ്രമം നടത്തി വരികയാണ്. ഈ കേസ് നെയ്യാറ്റിൻകര സബ് ഇൻസ്പെക്ടർ അന്വേഷിച്ചു വരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇക്കാര്യം എന്റെ ശ്രദ്ധ യിൽപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് ശക്തമായ നടപടികൾ കൈക്കൊണ്ടുകൊണ്ടിരിക്കുകയാണ്. ശിവഗിരി മഠത്തിന്റെ അധീനതയിലുള്ള അരുവിപ്പുറം മഠത്തിനും മഠാധിപതിക്കും അവിടെ സ്വൈരമായി പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. ഒരു വിധത്തിലും സാമൂഹ്യവിരുദ്ധന്മാരോ മറ്റുള്ളയാളുകളോ മഠത്തിന് ഒരു തരത്തിലും ബുദ്ധിമുട്ടുണ്ടാക്കാതിരിക്കാനുള്ള എല്ലാ കരുതൽ നടപടികളും സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭ്യർത്ഥനയെ തുടർന്ന് ബന്ധപ്പെട്ട പോലീസ് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സുശീലന്റെ ഭാര്യയ്ക്ക് തൊഴിൽ

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൊല്ലത്ത് നടത്തിയ രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിലെ പാവപ്പെട്ട കുടംബനാഥനുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അയാൾ ആത്മഹത്യചെയ്യുകയുണ്ടായി. ആ വിവരം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആ കുടുംബത്തിനാ വശ്യമായ സംരക്ഷണവും അതുപോലെ അനാഥമായ ആ കുടുംബത്തിനെ സംരക്ഷിക്കുന്നതിനുള്ള മറ്റ് നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന്

ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൊല്ലം ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി കഴിഞ്ഞ മാസം 12–ാം തീയതിയാണ് നടന്നത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അഞ്ചൽ പനയഞ്ചേരി തോയിത്തല എന്ന സ്ഥലത്തെ ശ്രീദേവി വിലാസത്തിൽ സുശീലന്റെ 14–ഉം 17–ഉം വയസ്സായ രണ്ട് മക്കൾക്കും ബെഡ്ഡിൽനിന്ന് അനങ്ങാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. അരയ്ക്കുമേൽ നല്ല തടിയാണ്. കിടക്കുന്ന കിടപ്പിൽത്തന്നെ എല്ലാ ദൈനംദിന കൃത്യങ്ങൾ ചെയ്യുന്ന നിലയിലുള്ള രണ്ടുമക്കളേയും സംരക്ഷിക്കുന്നതിന് ബുദ്ധിമുട്ടായ സാഹചര്യത്തിൽ കൂലിപ്പണിക്കാരനായ സുശീലൻ ജനസമ്പർക്കപരിപാടിയിൽ അപേക്ഷ നൽകുന്നതിനുവേണ്ടി ടാക്സി വിളിച്ച് മക്കളേയും ഭാര്യയും കൂട്ടി അതിരാവിലെ മുഖ്യമന്ത്രി എത്തുന്നതിനുമുമ്പ് കൊല്ലത്തെത്തി. രാവിലെ മുതൽ ഉച്ചവരെ കാത്തിരുന്നിട്ടും അപേക്ഷ സ്വീകരിച്ചില്ല. ആ സമയത്ത് മക്കൾ കാറിനകത്തിരിക്കുകയാണ്. ഉച്ചയ്ക്കുശേഷവും അപേക്ഷ കൊടുക്കാനോ മുഖ്യമന്ത്രിയെ കാണുന്നതിനോ കഴിഞ്ഞില്ല. രാത്രി രണ്ട് മണിയായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അപേക്ഷ കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പൊതുജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് വളരെ പ്രലോഭനങ്ങൾ നൽകി സ്ഥലത്തെ ചില കോൺഗ്രസ്സുകാരെല്ലാം ചേർന്നാണ് ഇയാളെ അവിടെ കൊണ്ടുപോകുന്നതിനുവേണ്ടി പ്രേരിപ്പിച്ചത്. അവിടെ ചെന്നതിനുശേഷം മുഖ്യമന്ത്രിയെ കാണാനോ നിവേദനം കൊടുക്കാനോ പറ്റാത്ത സ്ഥിതിയുണ്ടായി. അവിടെ പറഞ്ഞുകേട്ടത്, അവരുടെ കയ്യിലുണ്ടായിരുന്ന നിവേദനം അവിടെ ഉണ്ടായിരുന്ന ചില യൂത്ത് കോൺഗ്രസ്സുകാർ വാങ്ങിയെ

ന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ കഴിഞ്ഞില്ല. ടാക്സിക്ക് കൊടുക്കാൻ കടം വാങ്ങിയ കാശുമായിപ്പോയി നിരാശനായി തിരിച്ചുവന്ന ഇയാൾ മിണ്ടാട്ടമില്ലാതെയായി, ആരോടും സംസാരിക്കാതെ പകൽമുഴുവൻ കഴിച്ചുകൂട്ടി വൈകിട്ടായപ്പോൾ തൊട്ടടുത്തുള്ള റബ്ബർ മരത്തിൽ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവന്നു. ആരാണ് യഥാർത്ഥത്തിൽ ഇതിനുദത്തരവാദി? നമ്മുടെ ഭരണകൂടം യഥാർത്ഥത്തിൽ അവരുടെ അധികാരങ്ങൾ വിനിയോഗി ക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതിനുവേ ണ്ടിയിട്ടാണോ ഈ പൊതുജനസമ്പർക്ക പരിപാടി നടത്തുന്നത്. അങ്ങനെയെ ങ്കിൽ യഥാർത്ഥത്തിൽ സുശീലൻ അർഹനല്ലേ? സുശീലന്റ ഈ രണ്ട് മക്കളെ ബഹുമനപ്പെട്ട മുഖ്യമന്ത്രി കണ്ടിരുന്നുവെങ്കിൽ......... നിരാശപൂണ്ട് അയാൾ പിറ്റേ ദിവസം ആത്മഹത്യ ചെയ്യേണ്ട സ്ഥിതി വന്നില്ലേ. 13-ാം തീയതി ഇറങ്ങിയ ദിനപത്രങ്ങൾ എടുത്തുനോക്കിയാൽ എത്രയോ വൃദ്ധരായ സ്ത്രീക ളടക്കമുള്ളവർ ക്യൂവിൽ നിന്ന് കുഴഞ്ഞ് തറയിൽ വീണുകിടക്കുന്ന പടമായി രുന്നു കാണാൻ സാധിച്ചത്. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പൊതു ജനസമ്പർക്ക പരിപാടി നടത്തുന്നതിനേക്കാൾ പത്രങ്ങളിൽ അച്ചടിച്ചുവന്ന പടമെന്ന് പറയുന്നത് 60-70 കി.മീ സഞ്ചരിച്ച് മുഖ്യമന്ത്രിയെ കാണാൻ വേണ്ടി വന്ന പാവപ്പെട്ട നിരാലംബരായിട്ടുള്ള ആളുകൾ, വീൽചെയറിലും സ്ട്രെച്ചറിലും ഇരിക്കുകയും കിടക്കുകയും ചെയ്യുന്നവർ, അതുപോലെ നില ത്ത് വീണുകിടക്കുന്നവർ........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട രാജു..... പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. രാജു: സർ, ഇങ്ങനെയൊരു പരിപാടികൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടക്കുന്നുണ്ടോ? ഇവിടെയൊരു

ഗവൺമെന്റുണ്ടെങ്കിൽ യഥാർത്ഥത്തിൽ അധികാരികൾ എന്തുകൊണ്ട് അർഹതപ്പെട്ടവരുടെ അടുത്തേയ്ക്ക് പോകാൻവേണ്ടി കഴിയുന്നില്ല. അങ്ങനെ പോകുന്നതിനുപകരം നമ്മുടെ മുഖ്യമന്ത്രിയോ മറ്റാരെങ്കിലുമോ പഴയ രാജാക്കന്മാരെപ്പോലെ ഞാൻ വന്നിരിക്കുന്നു, നിങ്ങൾ അപേക്ഷയുമായി എന്റെയടുത്ത് വന്നാൽ മാത്രം നിങ്ങൾക്ക് അർഹതയുണ്ടെങ്കിൽപോലും അനർഹനാണെങ്കിൽപ്പോലും........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. രാജൂ... നാല് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. രാജു: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. എന്റെ മണ്ഡലത്തിലെ ഒരു കുടുംബം അനാഥമായ വിഷയമാണ് ഞാൻ പറയുന്നത്. എന്നിട്ട് ആ കുടുംബത്തെ ഒന്ന് സന്ദർശിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ റവന്യൂവകുപ്പ് മന്ത്രിയോ ഇതുവരെ തയ്യാറായില്ല. കൊല്ലം ജില്ലയ്ക്ക് ചാർജ്ജുകൊടുത്തിട്ടുള്ള ഒരു മന്ത്രിയുണ്ടെന്നാണ് പറയുന്നത്. ആ മന്ത്രി ഇതുവരെ ആ വീട് സന്ദർശിക്കാൻ തയ്യാറായില്ല. യഥാർത്ഥത്തിൽ ഇത്രയും ദാരുണമായ സംഭവമുണ്ടായിട്ട് ആ വീടൊന്ന് സന്ദർശിക്കുവാനും അവിടെയുള്ളവരെ ആശ്വസിപ്പിക്കാനും കൊല്ലം ജില്ലാ കളക്ടർ പോലും വന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. രാജു... പ്ലീസ് കൺക്ലൂഡ്.

ശ്രീ. െ.കെ രാജു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭായോഗം കൂടി ഏതോ ചില തീരുമാനങ്ങൾ എടുത്തുവെന്ന കാര്യം പിന്നീട് ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി. ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്, ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപിക്കപ്പെട്ടുവെന്ന് പറയുന്നതടക്കമുള്ള ഒരു ചില്ലിപൈസ പോലും നാളിതുവരെ ആ

കുടുംബത്തിന് ലഭിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ ആ പ്രദേശത്തുള്ള ആളുകൾ എല്ലാവരും.......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. രാജു, സബ്മിഷനാണ്, അഞ്ച് മിനിട്ട് കഴിഞ്ഞു. മൈക്ക് ഓഫ് ചെയ്യിക്കരുത്.

ശ്രീ. കെ. രാജു: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മുഖ്യ മന്ത്രി കേൾക്കേണ്ട വിഷയമാണ്, ഇത് നമ്മുടെ നാട്ടിലുള്ള ആളുകൾ അറിയേണ്ട വിഷയമാണ്. നാട്ടുകാരെല്ലാവരുംകൂടി ചേർന്ന് സർക്കാർ കൊടുക്കാമെന്ന് പറഞ്ഞതിനേക്കാൾ കൂടുതൽ പണം കുട്ടികളുടെ ചികിത്സയ്ക്കുവേണ്ടി ഇപ്പോൾ സംഭരിച്ചുകൊടുത്തിരിക്കുകയാണ്. എന്നിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് അനക്കമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വരണം. സാറിന്റെ കൂടെ സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഞാനും ആ വീട് സന്ദർശിക്കുന്നതിനുവേണ്ടി അങ്ങയുടെകൂടെ വരാൻ തയ്യാറാണ്. അവിടെ അവശേഷിക്കുന്ന സുശീലന്റെ ഭാര്യക്ക് സർക്കാർ ജോലി കൊടുത്ത് അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. ബെഡ്ഡിൽ അനങ്ങാൻ വയ്യാതെ കിടക്കുന്ന രണ്ട് മക്കളെയും സംരക്ഷിക്കുന്ന തിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണം. ആ ഉത്തരവാദത്തമുള്ള ഭരണകൂടമെന്ന നിലയിൽ പ്രതികരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ചയിൽ എം.എൽ.എ. പറഞ്ഞ കാര്യം ഇവിടെ ഉന്നയിക്കുകയും ഞാൻ അതിന് മറുപടി പറയുകയും ചെയ്തതാണ്. ഇവിടെ പറഞ്ഞതൊന്നും ശരിയല്ല. അവർ രാവിലെ അവിടെ വന്നുവെന്ന്

പറഞ്ഞത് ശരിയാണ്. വിളിച്ചുവരുത്തിയ പരാതിക്കാരെ കണ്ടതിനുശേഷം അവരെ കാണുന്നത് താമസിച്ചുപോകുമെന്നുള്ളതുകൊണ്ട് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബുബേബി ജോണും കേന്ദ്രമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷും കൂടി ഇവരെ കാണാൻ വേണ്ടിപോയി. അവിടെ പോകാൻ ധൃതിയുള്ളവർ ഇവരുടെകയ്യിൽ നിവേദനം കൊടുത്തിട്ട് പോയി. എന്നാൽ ഇവർ മുഖ്യമന്ത്രിയെത്തന്നെ കാണണമെന്ന് ആവശ്യപ്പെട്ട പ്പോൾ അവർക്ക് പ്രത്യേകമായി വിശ്രമിക്കാനുള്ള അവസരം കൊടുത്തു. ഇവിടെ പറഞ്ഞതുപോലെ ഏറ്റവും വൈകിയാണ് സുശീലനെ കണ്ടത്. ഒരു വീട്ടിലെ രണ്ട് മക്കൾക്ക് ഡിസ്ട്രോഫി എന്ന അസുഖം വന്നു. ഞാൻ ഡോക്ടർമാരെ വിളിച്ച് അവരുടെ സ്ഥിതിഗതികളറിഞ്ഞു. അവരുടെ കയ്യിൽനിന്നും നിവേദനവും വാങ്ങിയാണ് ഞാൻ പോയത്. ആത്മഹത്യക്കു ശേഷം അതിന്റെ പേരിൽ ചില വാർത്തകൾ വന്നപ്പോൾ ഞാൻ ആ വീടുമായി ബന്ധപ്പെടുകയും സുശീലന്റെ ഭാര്യയുമായി സംസാരിക്കുകയും ചെയ്തു. പത്രത്തിൽ വന്ന വാർത്തകളുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലെന്നും ഞങ്ങൾ നിവേദനം തന്നതാണെന്നും നിവേദനം സ്വീകരിച്ചില്ലെന്ന് പറയുന്നത് ശരിയല്ലെന്ന് പറഞ്ഞുകൊണ്ട് അവർ എനിക്ക് കത്തയച്ചു. അതുകൊണ്ട് എല്ലാ ബുദ്ധിമുട്ടുകളും നേരിട്ട് എനിക്ക് മനസ്സിലാ ക്കാൻ സാധിച്ചു. അവരുടെ നിവേദനവുമായിട്ടാണ് ഞാൻ അവിടെ നിന്ന് പോയത്. ആ നിവേദനത്തിന്റെയടിസ്ഥാനത്തിൽ ഗവൺമെന്റ് ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. അതുസംബന്ധിച്ച് രണ്ട് ജി.ഒ. ഇറക്കിയിട്ടുണ്ട്. കുട്ടി കളുടെ ഭാവി ചികിത്സ ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള ജി.ഒ. ഇറങ്ങിയിട്ടു ണ്ട്. അതുപോലെത്തന്നെ ആ കുടുംബത്തെ സഹായിക്കുന്നതിനുള്ള സാമ്പ

ത്തിക സഹായം ചെയ്യുന്നത്തിനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. ആ തീരുമാനങ്ങൾ ഉടനെത്തന്നെ അവിടെ നടപ്പിലാക്കും.

## സൗജന്യചികിത്സാ പദ്ധതി

ശ്രീ. എ. റ്റി. ജോർജ്: സർ, സർക്കാർ സർവ്വീസിൽ നിന്ന് പെൻഷൻപറ്റി പിരിഞ്ഞ ആറുലക്ഷത്തോളം വരുന്ന അവശരും രോഗികളായിട്ടുള്ളവരും ജീവിതത്തിന്റെ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1996-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പെൻഷൻകാർക്ക് മെഡിക്കൽ ബെനിഫിറ്റ് സ്കീം പ്രകാരം സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടി ഒരുകോടി രൂപ അനുവദിക്കുകയും പ്രാരംഭമായി 33 ലക്ഷം രൂപ ചെലവാക്കുകയും അതിൻപ്രകാരം പെൻഷൻകാർക്ക് ഐ.ഡി.കാർഡ് നൽകുകയും ചെയ്തു. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ മേൽപ്പടി പദ്ധതി മരവിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയപരിപാടികളുടെ ഭാഗമായി എ.പി.എൽ./ബി.പി.എൽ. വേർതിരിവില്ലാതെ ആരോഗ്യകിരണം പദ്ധതിപ്രകാരം 18 വയസ്സുവരെയുള്ള എല്ലാവർക്കും ജനറിക് മരുന്നുകളുൾപ്പെടെ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെ സൗജന്യ ചികിത്സ നൽകുന്നതുപോലെ സ്റ്റേറ്റ് പെൻഷൻകാർക്ക് മുമ്പ് നടപ്പിലാക്കിയിരുന്ന മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനരാംരംഭിക്കുകയോ അല്ലെങ്കിൽ പുതിയ സൗജന്യ ചികിത്സ പദ്ധതി നടപ്പിലാക്കുകയോ വേണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, 15.03.1996-ൽ പെൻഷണേഴ്സ് മെഡിക്കൽ ബെനിഫിറ്റ്സ് സ്കീം നമ്മുടെ സ്റ്റേറ്റിൽ നടപ്പിലാക്കി. അതിൽ അവരുടെ ഒരു കോൺട്രിബ്യൂഷനുമില്ലാതെ ഗവൺമെന്റിന്റെതന്നെ ബാദ്ധ്യതയായി ഏറ്റെടുത്താണ് അന്ന് നടത്തിയത്. പക്ഷേ അതിനുശേഷം അതുമാറ്റി പെൻഷൻകാർക്ക് പ്രതിമാസ പെൻഷനോടൊപ്പം 300 രൂപ നിരക്കിൽ മെഡിക്കൽ അലവൻസ് ഇപ്പോൾ നൽകിവരികയാണ്. അതിന് 150 കോടി രൂപയുടെ കമ്മിറ്റ്മെന്റ് സംസ്ഥാന ഗവൺമെന്റിനുണ്ട്. ഇപ്പോൾ നാഷണൽ പെൻഷൻ സ്കീം ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കി. കേരളത്തിലും അവരുടെ ജീവനക്കാർക്കുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ആ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ നാഷണൽ പെൻഷൻ സ്കീമിന്റെ മാതൃകയിൽ ഒരു സ്കീം ഇവിടെയും കൊണ്ടുവരുന്ന കാര്യം പ്രത്യേകം പരിശോധിച്ച് ഒരു തീരുമാനം ഉടനെ എടുക്കുന്നതാണ്.

## നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സ്

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകരയിൽ സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷനും സർക്കിൾ ഇൻസ്പെക്ടറുടെ ആഫീസും രാജഭരണ കാലത്ത് സ്ഥാപിതമായതും അപ്പോൾ നിർമ്മിതമായ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. വളരെ പഴകി ദ്രവിച്ച കെട്ടിടമാണത്. മഴ പെയ്താൽ ഒരു തുള്ളി വെള്ളം പോലും പുറത്തുപോകാത്ത ഒരവസ്ഥയാണ്. റിക്കാർഡുകളിൽ വെള്ളം ചോർന്ന് ഒലിക്കുന്നു. പോലീസുകാർക്കും മറ്റ് ഓഫീസർമാർക്കും ഇരിക്കുന്നതിനുപോലും സൗകര്യമില്ല. വരുന്ന

പ്രതികൾക്ക് നിൽക്കുന്നതിനോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനോ സൗകര്യമില്ലാത്ത ഒരവസ്ഥയാണ്. ചോർന്നൊലിച്ച് ജീർണ്ണിച്ച റിക്കാർഡുകൾ മുഴുവനും നശിച്ചുപോകുന്ന അവസ്ഥയിലാണ് ആ കെട്ടിടത്തിന്റെ നില. അതുപോലെതന്നെ വനിതാ പോലീസുകാർക്ക് പ്രത്യേകമായി ഡ്രസ്സ് റൂം പോലും ഇല്ലെന്നുള്ളത് ദയനീയമായ ഒരവസ്ഥയാണ്. ഇത്തരത്തിലുള്ള ഈ പോലീസ് സ്റ്റേഷന്റെ ദയനീയാവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാളുകൾ കഴിയുന്നതിനുമുമ്പുതന്നെ മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അപേക്ഷിക്കുകയും അതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് ആദ്യത്തെ ബഡ്ജറ്റിൽത്തന്നെ കെട്ടിടം പണിയുന്നതിനാവശ്യമായ തുക വകകൊള്ളിക്കുകയും ഇത് പണിയാനുള്ള ചുമതല പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, നാളിതുവരെ അതിന്റെ പണി ഏറ്റെടുക്കുവാനോ ആരംഭിക്കുവാനോ സാധിച്ചിട്ടില്ല എന്നുള്ളതാണ് നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സിന്റെ അവസ്ഥ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇത് നേരിട്ട് മനസ്സിലാക്കി ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, നെയ്യാറ്റിൻകരയിൽ പുതിയ പോലീസ് സ്റ്റേഷനുവേണ്ടി 2011–2012–ലെ സംസ്ഥാന ബഡ്ജറ്റിൽ 30 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. പിന്നീട് 13–ാം

ധനകാര്യകമ്മീഷൻ നബാർഡ് മുഖേന ആറ്റിങ്ങലിൽ പണിയാനുദ്ദേശിച്ച കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ നെയ്യാറ്റിൻകരയിലേയ്ക്ക് മാറ്റുവാനും **പോലീസ്** സ്റ്റേഷൻ, സി.ഐ. ഓഫീസ്, ഡി.വൈ.എസ്.പി. ഓഫീസ് എന്നീ മൂന്ന് ഓഫീസുകൾ ഉൾക്കൊള്ളുന്ന പോലീസ് കോംപ്ലക്സ് പണിയുവാനും 15.06.2012-ന് പോലീസ് ആസ്ഥാനമന്ദിരത്തിൽ കൂടിയ യോഗത്തിൽ തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിനായി കേരളാപോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. പോലീസ് കോംപ്ലക്സ് പണിയാൻ തീരുമാനിച്ച സ്ഥലത്ത് സ്ഥിതിചെയ്തിരുന്ന ന്യൂ **പ്ലസ്** ടൈപ്പ് പോലീസ് ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് പൊളിച്ചുമാറ്റി പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി സ്ഥലം കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇതിനെത്തുടർന്ന് കെട്ടിടം പണിയുന്നതിനായി കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടറുകൾ ക്ഷണിച്ചു. 24.01.2014-നാണ് ടെണ്ടറുകൾ തുറന്ന് പരിശോധിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടറുകൾ തുറന്ന് പരിശോധിച്ച് കരാറുകാരനെ തെരഞ്ഞെടുത്താലുടൻ പണി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സംരക്ഷണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2013-2014-ൽ നോൺ പ്ലാൻ സ്കീം അനുസരിച്ച് 16 കോടി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്ലാൻ സ്കീമിൽ 70 ലക്ഷം രൂപയുമുണ്ട്.

ഇത് ഒരു വർഷത്തിൽ നാല് ഗഡുക്കളായാണ് കൊടുക്കേണ്ടത്. പക്ഷേ ഒരു ഗഡുപോലും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഈ വർഷം കൊടുത്തില്ല. ഇതുസംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങൾമൂലം വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതി വരുന്നു. കഴിഞ്ഞ 10-ാം തീയതി മാതൃഭൂമി ദിനപത്രത്തിൽ ശ്രീ. യു.കെ. കുമാരൻ എഴുതിയ ലേഖനത്തിൽ 'വായനശാലകൾ എന്ത് പിഴച്ചു' എന്ന് ചോദിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിലുമായി മന്ത്രിക്ക് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ആ തർക്കം അതുപോലെ തീർക്കുക. വായനശാലകളെയും ഗ്രന്ഥശാലകളെയും ഇത്തരത്തിൽ കഴുത്തുപിടിച്ച് കൊല്ലുന്ന സമീപനം ശരിയല്ല. തർക്കങ്ങൾ ആ തരത്തിൽ കണ്ട് പരിഹരിക്കുന്ന നിലപാട് എടുത്തുകൊണ്ട് ഈ ഗ്രന്ഥശാലാ സംഘത്തിന് കിട്ടേണ്ടുന്ന ഗ്രാന്റ് കൊടുക്കാതിരുന്നാൽ ഗ്രന്ഥശാലകളുടെ എല്ലാ പ്രവർത്തനങ്ങളും നിൽക്കും. തുച്ഛമായിട്ടുള്ള പൈസയാണ് അവിടത്തെ ലൈബ്രേറിയന് കൊടുക്കുന്നത്. അതൊന്നുംതന്നെ കൊടുക്കാൻ കഴിയില്ല. സംസ്ഥാനത്തെ മുഴുവൻ വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനം സ്തംഭിപ്പിക്കുന്ന ഒരു സ്ഥിതി ഗവൺമെന്റുതന്നെ സ്വീകരിക്കുന്നത് ഒട്ടും ശരിയല്ല. അതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട് ദുരഭിമാനം വെടിഞ്ഞ് തീരുമാനമെടുക്കണം. അഞ്ച് വകുപ്പ് തലവൻമാരുള്ള ലൈബ്രറി കൗൺസിലിന്റെ എക്സിക്യൂട്ടീവ് എടുത്ത തീരുമാനത്തിനെതിരായുള്ള നിലപാട് ഗവൺമെന്റ് എടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഗ്രാന്റ് അടിയന്തരമായി റിലീസ് ചെയ്യാനുള്ള നടപടി

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പ്രശ്നത്തിന്റെ ഒരു വശം മാത്രമെ കണ്ടിട്ടുള്ളൂ. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് നടത്തിയ പരിശോധനയിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ഗുരുതരമായ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ഇതുസംബന്ധിച്ച് സർക്കാർ വിശദീകരണം ചോദിച്ചുവെങ്കിലും തൃപ്തികരമായ മറുപടി നൽകാൻ ലൈബ്രറി കൗൺസിലിന് കഴിഞ്ഞിട്ടില്ല. അതേസമയം ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ നിയന്ത്രിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ട് തന്നിഷ്ടപ്രകാരമുള്ള പ്രവർത്തനങ്ങളുമായി കൗൺസിൽ മുന്നോട്ടുപോകുകയാണ്. കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, ധനകാര്യ പരിശോധനാ വിഭാഗം 2012 ഏപ്രിൽ മാസത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകാത്തതിനാലും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഒബ്ജക്ഷനുകളിൻമേൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ സ്വീകരിച്ച നടപടികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാനുള്ള സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിനാലും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക്

വിധേയമായിട്ടാണ് 2012–13 വർഷത്തെ ഗ്രാന്റുകൾ സർക്കാർ റിലീസ് ചെയ്തിട്ടുള്ളത്.

ഗ്രാന്റ്–ഇൻ–എയ്ഡ് ആയി റിലീസ് ചെയ്യുന്ന തുക ബാങ്കിൽ നിലനിർത്താൻ പാടുള്ളതല്ല.

യൂട്ടിലൈസേഷൻ കഴിച്ച് ബാക്കി വരുന്ന തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് സറണ്ടർ ചെയ്തിരിക്കണം.

അനുവദിച്ച തുക ഒരിക്കലും വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല.

അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിന് എത്രയും വേഗം സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിക്കാത്തപക്ഷം 2013–14 സാമ്പത്തിക വർഷത്തെ ഗ്രാന്റ് തുക റിലീസ് ചെയ്യുകയില്ലെന്ന് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. അതേസമയം കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ താഴെപ്പറയുന്ന നിരക്കിൽ സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുമുണ്ട്. 2011–12 വർഷത്തിൽ 14 കോടി 5 ലക്ഷം രൂപയും 2012–13 വർഷത്തിൽ 15 കോടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനം ക്രമപ്രകാരം മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത സാഹചര്യത്തിൽ ലൈബ്രറി കൗൺസിലിന്റെ തെറ്റായ നടപടികൾ തിരുത്തുന്നതിനായി 2013–14 സാമ്പത്തിക വർഷത്തെ പദ്ധതി, പദ്ധതിയേതര ഗ്രാന്റുകൾ നൽകുന്നത് സർക്കാർ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ ഗ്രാന്റുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഗവൺമെന്റിന്റെ നിബന്ധനകൾ പാലിക്കാൻ തയ്യാറാകണം.

അതല്ലാതെ അവിടെയും രാഷ്ട്രീയമായി അവരുടെ ഏകപക്ഷീയമായ നിലപാടുകളുമായി മുന്നോട്ടുപോകുന്നതുകൊണ്ട് രണ്ട് വർഷം.............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ലൈബ്രറി കൗൺസിലിൽ രാഷ്ട്രീയക്കാരുണ്ടാകും. നിങ്ങളും രാഷ്ട്രീയക്കാരനല്ലേ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഞാൻ മുഴുവനും പറഞ്ഞോട്ടെ. ഗ്രന്ഥശാലകളും ലൈബ്രറി കൗൺസിലും അതിന്റേതായ രീതിയിൽ പ്രവർത്തിക്കണം. അവരുടെ പ്രവർത്തനത്തിൽ ധനകാര്യ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റും കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കാനാണ് ആവശ്യപ്പെട്ടത്. അതൊന്നുമില്ലാത്തതുകൊണ്ട് രണ്ട് വർഷം പിന്നെയും ഗ്രാന്റ് കൊടുത്തു. മൂന്നാമത്തെ വർഷം കൊടുത്തപ്പോൾ ഇത് പരിഹരിച്ചിട്ട് മാത്രമെ കൊടുക്കുകയുള്ളൂ എന്നുപറഞ്ഞു. അതിന്റെ ദുരന്തം അനുഭവിക്കുന്നത് ലൈബ്രറികളാണെന്നുള്ളത് ശരിയാണ്. പക്ഷേ ഇതിന്റെ വഴികളിലേയ്ക്ക് ലൈബ്രറി കൗൺസിൽ വരുമ്പോൾ അപ്പോൾ കൊടുക്കാം. ...............(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു. ............. (ബഹളം)..........ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ. ............. (ബഹളം)..........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ വിശദമായി പറഞ്ഞുകഴിഞ്ഞു. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ചില പോരായ്മകൾ പരിഹരിക്കണമെന്ന അഭിപ്രായ മാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഗ്രന്ഥശാലകൾക്ക് ഗ്രാന്റ്

കൊടുക്കുന്നതിനും അവയുടെ പ്രവർത്തനം സമഗ്രമായി മുന്നോട്ടു കൊണ്ടു പോകുന്നതിനും അനുകൂലമായ നിലപാട് മാത്രമെ ഈ ഗവൺമെന്റും ഡിപ്പാർട്ടുമെന്റും സ്വീകരിച്ചിട്ടുള്ളൂ. അതുതന്നെ തുടരുകയും ചെയ്യും. അതേ സമയം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ഓഡിറ്റ് ഒബ്ജക്ഷനുകൾ തിരുത്തുന്ന തിനുവേണ്ടി, അത് നിങ്ങൾക്കുമറിയാവുന്ന കാര്യമാണ്. ...................

ശ്രീ. എ. കെ. ബാലൻ: എല്ലാ വകുപ്പുകളിലും ഓഡിറ്റ് ഒബ്ജക്ഷനു കൾ ഉണ്ടാകാറുണ്ട്. അതൊക്കെ റെക്ടിഫൈ ചെയ്യുന്നതിന് കാലതാമസം നേരിടും. ഇവിടെ 1500-2000 രൂപ മാത്രം വേതനം കൊടുക്കുന്ന ലൈബ്രേറി യൻമാർക്ക് ആ തുക പോലും കൊടുക്കുന്നില്ല. അതുകൊടുക്കാൻ തീരുമാനിച്ചാൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷൻ ഇങ്ങനെ ചർച്ച ചെയ്താൽ ശരി യാകുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയല്ലേ: അതിനിങ്ങനെ ചോദ്യവും ഉത്തരവുമായാൽ എങ്ങനെയാണ്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അത് കൊടുക്കുന്നതിന് അനുകൂല മായ നിലപാടുതന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. പക്ഷേ, ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള ചില പോരായ്മകൾ തിരുത്തണമെന്നുള്ള നിർദ്ദേശ മാണ് കൊടുത്തിരിക്കുന്നത്. ആ കാര്യത്തിൽ എല്ലാവരും സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇട പെട്ട് കുറച്ച് തുക നേരത്തെ കൊടുത്തുകൂടേ; യൂട്ടിലൈസേഷൻ സർട്ടിഫി ക്കറ്റ് കൊടുത്തുകഴിഞ്ഞാലെങ്കിലും തുക അനുവദിച്ചുകൂടേ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോയെന്നുള്ള കാര്യം പ്രത്യേകമായി പരിശോധിക്കാം.

**മങ്കട ഗവൺമെന്റ് കോളേജിൽ സ്ഥിരം ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദങ്ങളായ ധാരാളം പരിപാടികൾ ആവിഷ്ക്കരിച്ചു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് കോളേജുകൾ ഇല്ലാത്ത എല്ലാ മണ്ഡലങ്ങളിലും പുതുതായി ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുവാനുള്ള തീരുമാനം. അതനുസരിച്ച് കേരളത്തിൽ കഴിഞ്ഞ അഞ്ചു മാസമായി നിരവധി കോളേജുകൾ പ്രവർത്തനമാരംഭിച്ചുവെങ്കിലും ആ കോളേജുകൾക്കാവശ്യമായ പോസ്റ്റ് ക്രിയേഷന്റെ കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സജീവമായ താല്പര്യമെടുക്കണം. മാത്രമല്ല, സ്പെഷ്യൽ ഓഫീസർമാർ റിട്ടയേർഡ് ഹാൻഡ്സ് ആകുമ്പോൾ അവർക്ക് ഫൈനാൻഷ്യൽ പവറില്ലാത്തതിനാൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും കഴിയാത്തൊരവസ്ഥയുണ്ട്. അതുകൊണ്ട് ഈ കോളോജുകളിൽ പ്രിൻസിപ്പൽമാരെയെങ്കിലും നിയമിക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ ഈ ഗവൺമെന്റ് എടുത്ത, കേരളത്തിലെ മുഴുവൻ ജനങ്ങളും സ്വാഗതം ചെയ്യുന്നൊരു തീരുമാനത്തിലൂടെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നൊരവസ്ഥയുണ്ടാകും. അതുകൊണ്ട് അടിയന്തരമായി പോസ്റ്റ് ക്രിയേഷൻ നടത്തുകയും അതുവരെ പ്രിൻസിപ്പലിനെ നിയമിച്ച് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

<u>വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, മലപ്പുറം ജില്ലയിലെ മങ്കട നിയോജക മണ്ഡലത്തിൽ 24–06–2013–ലെ സ.ഉ.നം. 340/2013 പ്രകാരം ഒരു പുതിയ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി അനുമതി നൽകിയിരുന്നു. പ്രസ്തുത കോളേജ് 2013–14 അദ്ധ്യയന വർഷം മുതൽ താഴെപ്പറയുന്ന 7 കോഴ്സുകളാ രംഭിക്കുന്നതിന് 07–08–2013–ലെ സ.ഉ.നം.**566/2013/ഉ.വി.വ** പ്രകാരം ഉത്ത രവ് പുറപ്പെടുവിക്കുകയുണ്ടായി. ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എ. ഇംഗ്ലീഷ് ജേർണലിസം ആന്റ് പബ്ലിക് റിലേഷൻസ്, ബി.എ. ഹിസ്റ്ററി വിത്ത് പൊളിട്ടിക്കൽ സയൻസ് ആന്റ് ഇന്റർനാഷണൽ റിലേഷൻ ആന്റ് ഓർഗനൈസേഷൻ, ബി.എസ്.സി. സൈക്കോളജി വിത്ത് സൈക്കോളജിക്കൽ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഹ്യൂമൻ ഫിസിയോളജി, ബി.ബി.എ., ബി.എ. ഇക്കണോ മിക്സ് വിത്ത് മോഡേൺ ഇന്ത്യൻ ഹിസ്റ്ററി ആന്റ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ ആന്റ് പൊളിട്ടിക്സ്. പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പിനായി സ്ഥിരം അദ്ധ്യാപക–അനദ്ധ്യാപക ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശുപാശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതേസമയം വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കപ്പെട്ട ക്ലറിക്കൽ സ്റ്റാഫിന്റെയും മറ്റ് അദ്ധ്യാപകരു ടെയും സേവനം ഉപയോഗിച്ചുകൊണ്ട് 2013–14 അദ്ധ്യയനവർഷം തന്നെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി 25–09–2013 ന് അദ്ധ്യയനം ആരംഭി ക്കാൻ കോളേജിന് കഴിഞ്ഞിട്ടുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രിൻസിപ്പലിന്റേത് ഉൾപ്പെടെ 37 അദ്ധ്യാപക തസ്തികകളും

23 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള ശുപാർശ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരികയാണ്. ഈ കോളേജ് മാത്രമല്ല, ഇവിടെ ആരംഭിച്ചിട്ടുള്ള എല്ലാ കോളേജുകളുടെയും കാര്യത്തിൽ ഈയൊരു നടപടിക്രമമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ അനുമതി കൂടി ലഭിക്കുന്ന മുറയ്ക്ക് എത്രയുംപെട്ടെന്ന് പോസ്റ്റുകൾ സാങ്ഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയ സ്കൂൾ മീറ്റിൽ നേട്ടം കൈവരിച്ചവർക്ക് പാരിതോഷികം

ശ്രീ. കെ. വി. വിജയദാസ്: സർ, കഴിഞ്ഞ കുറേ വർഷങ്ങളായി ദേശീയ അത്‌ലറ്റിക് മീറ്റിലും സംസ്ഥാന സ്കൂൾ മിറ്റീലും പ്രശംസനീയമായ നിലയിൽ മത്സരിച്ച് സ്വർണ്ണ മെഡലുകൾ നേടുകയും സംസ്ഥാന ദേശീയ റെക്കോർഡുകൾ നേടുകയും ചെയ്ത സ്കൂളാണ് പറളി ഹൈസ്കൂൾ. 2010 −14 വരെയുള്ള ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ തുടർച്ചയായി മൂന്നു വർഷം ഒന്നാം സ്ഥാനം നേടുകയും രണ്ടുവർഷം രണ്ടാംസ്ഥാനം നേടുകയും ചെയ്ത സ്കൂളാണിത്. അതുപോലെ മലേഷ്യയിൽ വച്ചുനടന്ന ഏഷ്യൻ സ്കൂൾ മീറ്റിൽ ഇന്ത്യയ്ക്കുവേണ്ടി ഏറ്റവും കൂടുതൽ സ്വർണ്ണം നേടിയതും ഈ സ്കൂളാണ്. മാത്രമല്ല, കഴിഞ്ഞ ഡിസംബർ മാസത്തിൽ ബ്രസീലിൽ വച്ചുനടന്ന വേൾഡ് സ്കൂൾ മീറ്റിൽ ഇന്ത്യൻ ക്യാപ്റ്റനായി തെരഞ്ഞെടുത്തത് ഈ സ്കൂളിലെ മുഹമ്മദ് അഫ്സൽ എന്ന വിദ്യാർത്ഥിയെയാണ്. വളരെ പരിമിതമായിട്ടുള്ള സൗകര്യങ്ങൾ മാത്രമേ ഇവിടെയുള്ളൂ. അതുകൊണ്ട് ഏറ്റ വും കൂടുതൽ മെഡൽ നേടാൻ കഴിവുള്ള വിദ്യാർത്ഥികളെക്കൊണ്ട് സമ്പന്ന മായ ആ സ്കൂളിന് ചുരുങ്ങിയത് 200 മീറ്റർ വിസ്തൃതിയെങ്കിലുമുള്ള ഒരു

സിന്തറ്റിക് ട്രാക്ക് അനുവദിച്ചാൽ ഇതിലുംകൂടുതൽ വിദ്യാർത്ഥികൾ മെഡൽ നേടാനും കേരളത്തിനും ഇന്ത്യയ്ക്കുംവേണ്ടി കളിക്കാനും തയ്യാറാകുമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ ഇത്തവണത്തെ ദേശീയ മീറ്റിൽ നാല് സ്വർണ്ണമെഡൽ നേടിയ വി.വി.ജിഷയ്ക്ക് സ്വന്തമായി വീടുപോലുമില്ല. നാട്ടുകാരുടെ സഹായത്തോടെ ഒരു വാടകവീട്ടിലാണ് ആ കുട്ടിയും രക്ഷകർത്താക്കളും താമസിക്കുന്നത്. ആ കുട്ടിക്ക് ഒരു വീട് വയ്ക്കാനുള്ള സൗകര്യവും അതുപോലെ പറളി ഹൈസ്കൂളിന് 200 മീറ്റർ വിസ്തൃതിയിലുള്ള ഒരു സിന്തറ്റിക് ട്രാക്കും അനുവദിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന ആവശ്യം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. 59-ാമത് നാഷണൽ സ്കൂൾ ഗെയിംസിൽ 39 സ്വർണ്ണമെഡലോടുകൂടി വമ്പിച്ച വിജയമാണ് കേരളം കൈവരിച്ചത്. ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും നേടിയ സംസ്ഥാനങ്ങൾ തമ്മിലുള്ള മെഡൽനിലയിൽ വളരെ വലിയ വ്യത്യാസമാണുള്ളത്. വലിയ നേട്ടമുണ്ടാക്കിയൊരു സംസ്ഥാനമാണിത്. അതിന് ഈ മെഡൽ വാങ്ങിയ കുട്ടികളെയും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവരുടെ കായിക പരിശീലകരെയുമെല്ലാം ഒരിക്കൽകൂടി അഭിനന്ദിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ പ്രാവശ്യം ശ്രീ. മുഹമ്മദ് അഫ്സലിന് വ്യക്തിഗത ചാമ്പ്യൻഷിപ്പ് ലഭിച്ചതിനോടൊപ്പം തന്നെ ഗവൺമെന്റ് ക്യാഷ് അവാർഡായി അന്ന് ഒരു ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. അതോടൊപ്പംതന്നെ ആ വർഷം കായികാ

ദ്ധ്യാപകനായ ശ്രീ. പി.ജി. മനോജിന് 20,000/–രൂപയും സ്വർണ്ണമെഡൽ നേടിയ കായികതാരങ്ങൾക്ക് 30,000/– രൂപ, വെള്ളി മെഡൽ നേടിയ കായികതാരങ്ങൾക്ക് 25,000/– രൂപ, വെങ്കലം നേടിയ കായികതാരങ്ങൾക്ക് 20,000/– രൂപവീതവും ഗവൺമെന്റ് ക്യാഷ് അവാർഡായി നൽകുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ വളരെ ശക്തമായിട്ടുള്ള സപ്പോർട്ടാണ് നൽകുന്നത്. അതോടൊപ്പംതന്നെ പറളി സ്കൂളിലെ കായികതാരങ്ങൾക്ക് ലോംങ്ജമ്പ്, ട്രിപ്പിൾ ജംപ് എന്നീ കായിക ഇനങ്ങൾ പരിശീലിക്കുന്നതിനാവശ്യമായ സിന്തറ്റിക് റൺവേയോടുകൂടി ലോങ്ജംപ് പിറ്റ് നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് ആറ് ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് കൈമാറിയിട്ടുണ്ട്. അതോടുകൂടി ആ പിറ്റ് പൂർത്തിയാകും. അതോടൊപ്പം തന്നെ സ്പോർട്സ് മിനിസ്റ്റേർസ് ഇൻഫ്രാസ്ട്രച്ചർ ലീഡ് ടു എക്സെലൻസ് (SMILE) എന്ന പദ്ധതിയിൽപ്പെടുത്തി എല്ലാവർക്കും പങ്കെടുക്കാൻ കഴിയത്തക്കവിധത്തിൽ പാലക്കാട് കുമരംപുത്തൂരിൽ കല്ലടി ഹയർ സെക്കന്ററി സ്കൂളിൽ നാലുവരി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം വേറെയും എടുത്തിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അത്‌ലറ്റിക്സിനായുള്ള ഡേ ബോർഡിംഗ് സ്കീമിൽ ഉൾപ്പെടുത്തി പറളി ഹയർ സെക്കന്ററി സ്കൂളിലെ കായികതാരങ്ങളായ വിദ്യാർത്ഥികൾക്ക് ഒരു ദിവസം 25 രൂപ വീതം നൽകിവരുന്നുണ്ട്. അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി കായിക വകുപ്പ് പറളി സ്കൂളിന് മൂന്നുലക്ഷം രൂപ വേറെയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ വർഷത്തെ നാഷണൽ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ഏറ്റവും കൂടുതൽ പെർഫോർമൻസ്

കാഴ്ച വച്ച കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണമെന്നുള്ളതാണ് കഴിഞ്ഞ ക്യാബിനറ്റിൽ ജനറലായി ചർച്ച ചെയ്തത്. ഇതുസംബന്ധിച്ചുള്ള പ്രൊപ്പോസൽ അടുത്ത ക്യാബിനറ്റിൽ സബ്മിറ്റ് ചെയ്യുന്നതിനുവേണ്ടി എന്നെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പൊതുവികാരമെല്ലാംകൂടി മനസ്സിലാക്കി വളരെ നല്ല രൂപത്തിൽ അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുള്ളത്. ഗവൺമെന്റ് സ്പോർട്സ് രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ആളുകളെയും പൂർണ്ണമായി സഹായിക്കുന്നതിനുവേണ്ടി എല്ലാ വിധത്തിലുമുള്ള സഹായവും നൽകുന്നതാണ്.

**ടാങ്കർ ലോറി അപകടം**

ശ്രീ. റ്റി.വി. രാജേഷ്: സർ, സംസ്ഥാനത്ത് ടാങ്കർ ലോറി ദുരന്തങ്ങൾ തുടർകഥയാകുകയാണ്. കണ്ണൂർ ജില്ലയിൽ 2012 ഓഗസ്റ്റ് 27-ന് 20 പേരുടെ മരണത്തിനിടയാക്കിയ ചാല ദുരന്തത്തിനുശേഷം കണ്ണൂരിലെ കരിവള്ളൂരിലും തളിപ്പറമ്പ് അസംബ്ലി മണ്ഡലത്തിലെ ചുടലയിലും ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടിരുന്നു. ഓരോ അപകടം കഴിയുമ്പോഴും അന്വേഷണവും വാഗ്ദാനവും നൽകുകയല്ലാതെ അപകടങ്ങൾ നിയന്ത്രിക്കാനോ ആവർത്തിക്കാതിരിക്കാനോ ഫലപ്രദമായ നടപടിയുണ്ടാകുന്നില്ല. ചാല ദുരന്തത്തിനുശേഷം സംസ്ഥാന സർക്കാരും എണ്ണക്കമ്പനിയും നൽകിയ ഉറപ്പുകൾ ഇവിടെ ലംഘിക്കപ്പെടുകയാണ്. കൂടാതെ ടാങ്കർ ലോറികളിൽ 2 ഡ്രൈവർമാർ വേണമെന്ന നിബന്ധനയും പാലിക്കപ്പെടുന്നില്ല. ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതും അമിതവേഗത്തിൽപ്പോകുന്നതും ദുരന്തം ക്ഷണിച്ചുവരുത്തുകയാണ്. അപായകരമായ വസ്തുക്കൾ കയറ്റിപ്പോകുന്ന ടാങ്കർ ലോറികളുടെ വേഗം, ഓടേണ്ടുന്ന സമയം, പ്രത്യേക പരിശീലനം ലഭിച്ച ഡ്രൈവർമാ

രുടെ അഭാവം, ഡ്രൈവർമാരുടെ പ്രായം തുടങ്ങിയ കാര്യങ്ങളിലെല്ലാം നിബ സ്ധനകളുണ്ടെങ്കിലും ഇവയൊന്നും പാലിക്കപ്പെടുന്നില്ല. ടാങ്കർ ലോറികളിൽ എ.ബി.എസ്. സിസ്റ്റം, സ്പീഡ് അറസ്റ്റ്, സ്പീഡ് ഗവേർണർ എന്നീ സംവിധാ നങ്ങൾ ഉണ്ടാകണം. വാൽവിന് മെറ്റൽ ഗാർഡുണ്ടോ എന്നത് പ്രത്യേകം ഉറപ്പാക്കണം. കരിവള്ളൂരിൽ നടന്ന അപകടത്തിൽ ടാങ്കറിന് ഒരു കമ്പ് തട്ടി യാണ് ചോർച്ചയുണ്ടായത്. വാൽവിന് ഒരു മെറ്റൽ ഗാർഡുണ്ടായിരുന്നെ ങ്കിൽ സ്വാഭാവികമായും ഇത് സംഭവിക്കുമായിരുന്നില്ല. തീ പിടിക്കാൻ സാധ്യതയുള്ള വാതകങ്ങളും ദ്രാവകങ്ങളും രാസവസ്തുക്കളും കയറ്റിപ്പോ കുന്ന ടാങ്കർ ലോറികൾ ജനസാന്ദ്രതയേറിയ റോഡുകളിലൂടെ കൊണ്ടുപോ കുന്നത് ഒഴിവാക്കുകയും അതിന് ബദൽ മാർഗ്ഗങ്ങൾ ആരായുകയും വേണം. 2014 ജനുവരി 14-ാം തീയതി വെളുപ്പിന് കല്യാശ്ശേരിയിലുണ്ടായ ടാങ്കർ ലോറി അപകടത്തെത്തുടർന്ന് പൊട്ടിത്തെറിയുണ്ടാകാതിരുന്നതിനാൽ ഒരു വൻ ദുര ന്തമാണ് ഒഴിവായത്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി കെ.പി. മോഹ നനും ഈ സഭയിലെ അംഗമായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനും കണ്ണൂർ ജില്ലാ എം.എൽ.എ. മാരെല്ലാം അവിടെയുണ്ടായി രുന്നു. അപകടമുണ്ടായ സ്ഥലത്തെ ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിലെ നൂറു കണക്കിന് ആളുകളെ വളരെ പെട്ടെന്ന് ഒഴിപ്പിക്കാൻ കഴിഞ്ഞു. അഗ്നിശമന സേനയുടെയും പോലീസിന്റെയും നാട്ടുകാരുടെയും ഒറ്റ മനസ്സോടെയുള്ള രക്ഷാപ്രവർത്തനം സ്ഥിതി നിയന്ത്രണവിധേയമാക്കുന്നതിന് സാധിച്ചു. ഇത്തരം ഘട്ടങ്ങളിൽ രക്ഷാപ്രവർത്തനം നടത്താനാവശ്യമായ ആധുനിക ഉപ കരണങ്ങൾ ഇല്ലാതിരുന്നിട്ടും 18 മണിക്കൂർ സ്വന്തം ജീവൻപോലും പണയം വച്ച് ഫയർഫോഴ്സ് നടത്തിയ പ്രവർത്തനം പ്രശംസനീയമായിരുന്നു. അവർക്ക് ഒരു പാരിതോഷികം നൽകാൻ അവരെ അംഗീകരിക്കാൻ

ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ, ഇനി ദുരന്തങ്ങളുണ്ടായാൽ അവ ഉടനെ തന്നെ നിയന്ത്രണവിധേയമാക്കാൻ, അപകടത്തിന്റെ വ്യാപ്തി കുറയ്ക്കാൻ ആധുനിക ഉപകരണങ്ങളോടുകൂടിയ ഒരു സംവിധാനം കണ്ണൂർ ജില്ലയിൽ ഏർപ്പെടുത്തേണ്ടതുണ്ട്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ ടാങ്കർ ദുരന്തങ്ങൾ അടിക്കടിയുണ്ടാകുന്നത്, കണ്ണൂർ ആസ്ഥാനമായി ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം, അത് പേരിന് മാത്രമാകരുത്, ആരംഭിക്കാൻ തയ്യാറാകണം. അവിടത്തെ അപകടത്തിന് പ്രധാനപ്പെട്ട ഒരു കാരണം അവിടത്തെ റോഡിന്റെ ഇന്നത്തെ അവസ്ഥയാണ്. ആ റോഡിന്റെ വളവ് നിവർത്തുന്നതിനുവേണ്ടി 10 കോടി രൂപ അനുവദിക്കണമെന്ന് കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നിട്ടുള്ള യോഗം സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ ശാസ്ത്രീയമായ വികസനത്തിനുവേണ്ടി അതുകൂടി അനുവദിക്കാനാവശ്യമായ നടപടിയുണ്ടാകണം. നാഷണൽ ഹൈവേയുടെ സൈഡുകളിൽ താമസിക്കുന്നവർ അങ്ങേയറ്റം ഭയത്തോടും ശങ്കയോടും കഴിയുകയാണ്. അതിന് പരിഹാരമുണ്ടാകണം. ജീവനും സ്വത്തിനും പരിപൂർണ്ണമായ സുരക്ഷ ഉറപ്പാക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ( ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ചാല ദുന്തമുണ്ടായതിനുശേഷം അന്നുവച്ച കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ ഗവൺമെന്റ് എടുത്തിട്ടുണ്ട്. എന്നാലും ടാങ്കർ ലോറി ദുരന്തം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുകയാണ്. ഇപ്പോൾ ശ്രീ. രാജേഷ് ഇവിടെ സൂചിപ്പിച്ചതുപോലെ കല്യാശ്ശേരിയിലുണ്ടായ ടാങ്കർ ലോറി ദുരന്ത സന്ദർഭ

ത്തിൽ നമ്മുടെ കൃഷി വകുപ്പുമന്ത്രിയായ ശ്രീ. കെ.പി. മോഹനനും പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനും കണ്ണൂർ ജില്ലയിലെ മറ്റ് എം.എൽ.എ. മാരെല്ലാവരും ഉണ്ടായിരുന്നു. ഞാൻ അവരിൽ നന്ദിയും രേഖപ്പെടുത്തുകയാണ്. അവിടെ അന്നുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങളിൽ നടപടികളെടുത്തിട്ടുണ്ട്. എന്റെ മുൻഗാമി ശ്രീ. ആര്യാടൻ മുഹമ്മദ് തന്നെയാണ് അതിൽ ചില ചർച്ചകളിൽ പങ്കെടുത്തത്, അന്നത്തെ ഒരു വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും അതിന് ഭാഗഭാക്കായി നിന്നിട്ടുണ്ട്. വാഹനങ്ങൾ ഓടിച്ചുപോകുമ്പോൾ അവ തമ്മിലുള്ള ദൂരത്തെ സംബന്ധിച്ച ഒരു നിഷ്കർഷത, അത് 1/2 കിലോമീറ്ററെങ്കിലും അകലം പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നാഷണൽപെർമിറ്റ്, സ്റ്റേറ്റ് പെർമിറ്റ് എന്നിവ ഭേദമില്ല. അപകട വസ്തുക്കൾ കൊണ്ടുപോകുന്ന എല്ലാ വാഹനങ്ങളിലും 2 ഡ്രൈവർമാർ ഉണ്ടാകണമെന്നുള്ളതാണ് ആ നിർദ്ദേശത്തിൽ ഒന്ന്. അത് പാലിക്കുന്നതിനുവേണ്ടിയുള്ള നടപടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കുലർ മുഖേന കൊടുത്തിട്ടുണ്ട്. അത് പാലിക്കുന്നുണ്ടോ എന്നറിയുന്നതിനുവേണ്ടിയുള്ള പരിശോധനകളും നടക്കുന്നുണ്ട്. അതോടൊപ്പംതന്നെ മറ്റ് പത്തിരുപത് നിർദ്ദേശങ്ങൾ കൂടി ഇതിലുണ്ട്. അതിൽ വാഹനങ്ങളുടെ ലൈഫ് ഉറപ്പാക്കണമെന്നുള്ളത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ടയറുകളുടെ കണ്ടീഷൻ ഉറപ്പാക്കൽ, ബ്രേക്ക് പരിശോധന, അഗ്നിശമന ഉപകരണങ്ങൾ ഉണ്ടോ എന്നത് ഉറപ്പാക്കൽ, ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സമയനിയന്ത്രണം പാലിക്കുന്നുണ്ടോ എന്നുള്ള പരിശോധന – ഇതെല്ലാം ആ പത്തിരുപത് നിർദ്ദേശങ്ങൾക്കകത്തെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കൂടിവരുന്ന അവസ്ഥയിൽ ഇത്തരം വാഹനങ്ങൾക്ക് ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തണമെ

ന്നുള്ള നിർദ്ദേശത്തോടുകൂടി ഓയിൽ കമ്പനികളുമായി ഒരു ചർച്ച നടന്നുവരികയാണ്. കല്യാശ്ശേരി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 20-01-2014 അതായത് ഇന്ന് ചീഫ് സെക്രട്ടറി വിവിധ ഓയിൽ കമ്പനികളുമായി സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അപകടകരമായ ഒരു സാഹചര്യം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനുവേണ്ടിയാണ് ഈ ചർച്ച നടത്തുന്നത്. ചാലയിലും കരുനാഗപ്പള്ളിയിലുമുണ്ടായ ടാങ്കർ ലോറി ദുരന്തം സംബന്ധിച്ച റിപ്പോർട്ട് വ്യക്തമാക്കുന്നത് ഭൂരിപക്ഷം ടാങ്കർ ലോറികളുടെയും ഡിസൈൻ തെറ്റാണെന്നതാണ്. ആ ഡിസൈൻ തെറ്റായതുകൊണ്ട് ഈ സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന് കത്തയച്ചിട്ടുണ്ട്. ഡിസൈനിൽ ചെറിയ ചില തകരാറുകളുണ്ടെന്ന് ആ റിപ്പോർട്ടിനകത്ത് പറഞ്ഞിട്ടുണ്ടായിരുന്നു. അതോടൊപ്പംതന്നെ ഇവർക്ക് സമയ ക്ലിപ്തത വച്ചിട്ടുണ്ട്. ചട്ടം 336 (എ) ഭേദഗതി ചെയ്താൽ, അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ ഗതാഗതം മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷനുകളുടെയും പരിധിയിൽ രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരെ 4 മണി മുതൽ 6 മണി വരെയും നിരോധിച്ചിട്ടുണ്ട്. റോഡിലൂടെ സ്കൂൾ കുട്ടികൾ പോകുക, ഏറ്റവും കൂടുതൽ തിരക്കുണ്ടാകുന്ന മറ്റ് സന്ദർഭങ്ങൾ ഈ അവസരങ്ങളിൽ മുനിസിപ്പൽ ഏരിയയും കോർപ്പറേഷൻ ഏരിയയും ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്. അങ്ങ് പറഞ്ഞ പൊതുവായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നിർദ്ദേശങ്ങളും ഗവൺമെന്റ് വളരെ ഗൗരവതരമായി ആലോചിക്കും. ഇനി ഇതുപോലെയുള്ള ദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാ

കാതിരിക്കണം. അപകടകരമായ വസ്തുക്കൾ ജലഗതാഗതം വഴി കൊണ്ടുവരാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്നുള്ള ഒരു പുതിയ നിർദ്ദേശം ഇപ്പോൾ വന്നിരിക്കുന്നു. ഗവൺമെന്റ് അതും പരിശോധിക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുന്നതാണ്.

## കുട്ടുംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. സി.കെ. സദാശിവൻ: സർ, കായംകുളം, ഹരിപ്പാട്, കരുനാഗപ്പള്ളി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാൻ കഴിയുന്ന കായംകുളം കായലിന് കുറുകെയുള്ള കൂട്ടുംവാതുക്കൽ കടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 20-04-2005-ൽ പാലത്തിന്റെ അലൈൻമെന്റ് ചീഫ് എൻജിനീയർ അംഗീകരിക്കുകയും സ്ഥലമെടുപ്പിന്റെ ഭാഗമായി ഇരുകരകളിലും ബൗണ്ടറി സ്റ്റോണുകൾ സ്ഥാപിക്കുകയും ചെയ്തതാണ്. 2008-2009-ൽ എം.എൽ.എ. മാർക്ക് അനുവദിച്ച 1 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി 40 ലക്ഷം രൂപ ലാന്റ് അക്വിസിഷന് ഞാൻ അനുവദിക്കുകയും തുടർന്ന് അതിനുള്ള ഭരണാനുമതി ലഭിക്കുകയും ചെയ്തതാണ്. എൽ.ഡി.എഫ്. ഭരണകാലത്ത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പാലം നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഈ പാലം നിർമ്മിക്കുന്നതിന് തടസ്സമായി യാതൊന്നുംതന്നെയില്ല. ആരാധനാലയങ്ങളില്ല, ശ്മശാനമില്ല, കാടുകളില്ല മറ്റൊന്നുമില്ല. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ രേഖകളും പൊതുമരാമത്ത് വകുപ്പ്, ആലപ്പുഴ ഡിവിഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടി പോലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പാലത്തിന്റെ പണി പൂർത്തീകരി

ച്ചാൽ ദേശീയപാതയെ ആശ്രയിക്കാതെതന്നെ വളരെ വേഗം തോട്ടപ്പള്ളിയിലെത്തിച്ചേരാൻ കഴിയുന്നതാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി ( ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, കായംകുളം നിയോജക മണ്ഡലത്തിൽ കണ്ടല്ലൂർ പഞ്ചായത്തിനെയും ദേവികുളങ്ങര പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കായംകുളം കായലിന് കുറുകെ നിർമ്മിക്കുന്ന കൂട്ടുംവാതുക്കൽ കടവ് പാലത്തിന്റെ അലൈൻമെന്റ് 2005-ൽ ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. തുടർന്ന് 2010-ൽ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. എന്നാൽ വിവിധ കാരണങ്ങളാൽ സ്ഥലമെടുപ്പ് നടപടികൾ ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 2012-ലെ എസ്.ഒ.ആർ. അനുസരിച്ച് ഈ പാലത്തിന് 50 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കർശനമായ നിർദ്ദേശം കൊടുക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. യും അതുമായി ബന്ധപ്പെടുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**മണൽ ശേഖരണം**

ശ്രീ. സി. കെ. നാണു: സർ, വടകര മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളിൽ സിമെന്റ് പാത്രം നിർമ്മിച്ച് മംഗലാപുരത്തേയ്ക്കും മൈസൂരിലേയ്ക്കും കേരളത്തിന്റെ തെക്കൻ ഭാഗങ്ങളിലേയ്ക്കുമെല്ലാം എത്തിച്ചുകൊണ്ടിരിക്കുന്ന ജോലി ഒരു കുടിൽ വ്യവസായം എന്ന നിലയ്ക്ക് വളരെ വർഷങ്ങളായി നടന്നുവരികയാണ്. അതിന് പ്രധാനമായും മണൽ ആവശ്യമാണ്. അതുപോലെതന്നെ വടകരയിലെ മുരാട് അഴിമുഖത്ത് പുറമേ നിന്നും മണൽ വാരിയെടുക്കുകയോ നശിപ്പിക്കുകയോ ഒന്നും ചെയ്യുന്നില്ല. പരിസ്ഥിതിക്ക് തകരാറുണ്ടാക്കുന്നുമില്ല. മണൽ വന്ന് അഴിമുഖത്ത് അടിയുകയാണെന്ന് അവിടെ വന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അവിടെ നിന്നും നിയന്ത്രിതമായി മണൽ വാരാൻ അനുവദിച്ചാൽ സിമെന്റ് പാത്രം ഉണ്ടാക്കാൻ സാധിക്കും. തഹസിൽദാറുടെ നേതൃത്വത്തിൽ അത് പരിശോധിക്കണം. പരിശോധിച്ചാൽ അത് അനുവദിക്കാവുന്നതാണെന്ന് മനസ്സിലാകും. അഴിമുഖത്ത് മണൽ കൂടിക്കിടക്കുന്നത് ഇപ്പോൾ ചെന്നുനോക്കിയാൽ കാണാൻ സാധിക്കും. അത് മാറ്റേണ്ടതാണ്. പാതിരാത്രിക്ക് ആളുകൾ അത് മാറ്റി വലിയ വിലയ്ക്ക് വിൽക്കുന്ന അവസരത്തിൽ അത് വാങ്ങി പാത്രം നിർമ്മിക്കാൻ ഈ പാവങ്ങൾക്ക് സാധിക്കില്ല. അവിടത്തെ മണൽ വാരുന്ന തൊഴിലാളികൾക്കും അത് ബുദ്ധിമുട്ടാണ്. ഇത് വിലയിരുത്തുന്ന അവസരത്തിൽ പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ചും മറ്റും പറയുമെങ്കിലും പരിസ്ഥിതി തകരാറിലാകാതെ എത്രയോ വർഷങ്ങളായി ഈ പാവപ്പെട്ടവർ കുടിൽ വ്യവസായത്തിന്റെ ആവശ്യത്തിനായി ഈ മണൽ ഉപയോഗിക്കുന്നുണ്ട്. അതുപോലെ തന്നെ ആളുകൾ കെട്ടിടനിർമ്മാണത്തിനും ഈ മണൽ ഉപയോഗിക്കുന്നു. തഹസിൽദാറുടെ നേതൃത്വത്തിൽ പരിശോധിച്ച് അർഹതപ്പെട്ട രൂപത്തിൽ ഇവർക്ക് കൊടുക്കാൻ സാധിച്ചിട്ടില്ലെങ്കിൽ പട്ടിണിമരണം ഈ മേഖലയിൽ

ഉണ്ടാകുമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമിപ്പിക്കുന്നു. അവർക്ക് വേറെ ഒരു തൊഴിലും അറിയില്ല. എത്രയോ കുടുംബങ്ങളുണ്ട്. സുനാമി വന്ന അവസരത്തിൽ വെള്ളം കയറിയപ്പോൾ കുറച്ച് ബുദ്ധിമുട്ടുണ്ടായി. അതു കൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതിനെല്ലാം ഒരേ രൂപത്തിലുള്ള മറുപടി പറയുക എന്നതിൽ കവിഞ്ഞ് ഇത് പരിശോധിക്കാൻ ഏർപ്പാടു ണ്ടാക്കി അർഹതപ്പെട്ടതാണെങ്കിൽ ഇത് കൊടുക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് യഥാർത്ഥ വസ്തുത കളാണ്. വടകരയിൽ മണൽ വാരുന്നതിന് സംഘങ്ങൾക്കാണ് പെർമിറ്റ് നൽകുന്നത്. 17.8.2013-ൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഒരു സംഘത്തിന് അനു വദിക്കുകയും ചെയ്തു. അതിനിടയിൽ ഗ്രീൻ ട്രൈബ്യൂണലിന്റെ ഒരു ഉത്ത രവ് വന്നു. കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം അക്രഡിറ്റേഷണൽ ഏജൻസികളെക്കൊണ്ട് പരിസ്ഥിതി പഠനം നടത്തി. സ്റ്റേറ്റ് എൻവ യോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റിയുടെ ക്ലിയറൻസ് ലഭിച്ചതി നുശേഷം മാത്രമേ അവിടെ ഡ്രെഡ്ജിംഗ് നടത്താൻ പാടുള്ളൂ. തുറമുഖ പ്രദേശത്ത് മാനുവൽ ഡ്രെഡ്ജിംഗ് നടത്തുന്നത് കപ്പൽ ചാനലുകളിൽ അടി ഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നുവെന്നതിനാലും അതിന്റെ പൂർണ്ണമായ നിരോധനം തുറമുഖങ്ങളിലേയ്ക്കുള്ള കപ്പൽ ഗതാഗതത്തെ സാരമായി ബാധിക്കുന്നതിനാലും പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കു വാൻ തുറമുഖ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. തുറമുഖ വകുപ്പിലെ മാനു വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ നിലവി ലുള്ള കേസുകളിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ

രണ്ട് പ്രശ്നമുണ്ട്. ഒന്നാമത്തെ പ്രശ്നം മണൽ വാരുന്നതിന് ഗ്രീൻ ട്രൈബ്യൂണലിന്റെ നിരോധനം വന്നിരിക്കുകയാണ്. അതിനെതിരെ അപ്പീൽ കൊടുക്കാൻ തുറമുഖ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. സാധാരണഗതിയിൽ നിന്നും വ്യത്യസ്തമായി കപ്പൽ ചാനലുകളിലെ മണലാണ് നീക്കം ചെയ്യുന്നത്. അതിന് ഗ്രീൻ ട്രൈബ്യൂണൽ അനുമതി നൽകിയിട്ടില്ല. എന്റെ സമയം കുറവായതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവാണിത്. പൊന്നാനി, കണ്ണൂർ, അഴീക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ഈ പ്രശ്നമുണ്ട്. കോസ്റ്റൽ ഏരിയയിൽ മൊത്തം ഈ പ്രശ്നങ്ങൾ ബാധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗ്രീൻ ട്രൈബ്യൂണലിന് അപ്പീൽ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഇതിനെ സംബന്ധിച്ച് ഒരു പരിസ്ഥിതി പഠനം വേഗത്തിൽ നടത്തിക്കിട്ടാൻ വേണ്ടി കിറ്റ്കോയെ ഏൽപ്പിച്ചിരിക്കുകയാണ്. ഇത് രണ്ടും കഴിഞ്ഞാൽ ഗ്രീൻ ട്രൈബ്യൂണലിന്റെ അനുമതി കിട്ടിയതിനുശേഷം മാത്രമേ നമുക്ക് മണലെടുക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ ഈ പ്രശ്നം പരിശോധിക്കാം. അവിടെ മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മണൽ കൊടുക്കുന്നതിനെ സംബന്ധിച്ച് ആ ഘട്ടത്തിലെ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സാങ്കേതികമായ പ്രശ്നങ്ങളുള്ളതുകൊണ്ട് അത് പരിഗണിക്കാൻ നിർവ്വാഹമില്ല. ഗ്രീൻ ട്രൈബ്യൂണലിൽ അപ്പീൽ കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ പരിസ്ഥിതി പഠനം നടക്കുന്നുണ്ട്. ഇത് രണ്ടിന്റെയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ആശയോടും പ്രതീക്ഷയോടും കൂടിയാണ് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപവത്കരിക്കപ്പെട്ടത്. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കാൻ ഈ പുതിയ കോർപ്പറേഷന് കഴിയുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. ഉപജീവനമാർഗ്ഗം അന്വേഷിച്ചലയുന്ന അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് ഒരു അത്താണി എന്ന നിലയിലാണ് നാമെല്ലാവരും ഈ പുതിയ സംവിധാനത്തെ കണ്ടത്. ഗൾഫ് നാടുകളിൽ നിന്നും കേരളം ഒരു തിരിച്ചടിയുടെ ആഘാതം അനുഭവിക്കാൻ തുടങ്ങിയ സന്ദർഭത്തിലാണ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിലവിൽ വന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഗൾഫ് ഇന്ന് നമുക്ക് ഒരു പറുദീസയല്ല. ജീവിക്കാനും ജീവിപ്പിക്കാനും ഗൾഫിലേയ്ക്ക് പോകുന്നവർക്ക് പണ്ടത്തെ പോലെ എളുപ്പത്തിൽ ജോലി ലഭിക്കുന്നില്ല. മാത്രവുമല്ല വർഷങ്ങളായി അവിടെ ജോലിയും കച്ചവടവും ചെയ്തിരുന്ന ആളുകൾ എല്ലാം നഷ്ടപ്പെട്ടും ഉപേക്ഷിച്ചും തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. അത് അനസ്യൂതം തുടരുകയാണ്. സൗദി അറേബ്യയിൽ നടപ്പിലാക്കിയ പുതിയ നിയമമായ നിതാഖത്ത് മൂലം ഏഴ് ലക്ഷത്തോളം പേർ മടങ്ങിവരുന്നുവെന്നാണ് കണക്ക്. ഇവിടെയാണ് ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ ഉണർന്നുപ്രവർത്തിക്കേണ്ടതും ലക്ഷ്യപ്രാപ്തി കൈവരിക്കേണ്ടതും. അതിനനുസൃതമായ പ്രവർത്തനം സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ അരംഭിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ച് ജിജ്ഞാസയും ഉത്കണ്ഠയുമുണ്ട്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ കീഴിൽ ഈ വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? ഇതിന്റെ ഓഫീസ് സംവിധാനവും സ്റ്റാഫ് ഘട

നയും എന്തൊക്കെയാണ്? നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയിൽ കോർപ്പറേഷന്റെ പ്രവർത്തനം ഏതുവിധേന മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്? സൗദി അറേബ്യയിൽ നിന്നും മറ്റ് ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവർക്കും മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കും എന്തെല്ലാം വായ്പാ സംരംഭങ്ങളാണ് കോർപ്പറേഷൻ വഴി ഈ വർഷം നടപ്പാക്കാൻ ആലോചിക്കുന്നത്? ഈ കോർപ്പറേഷന് കേന്ദ്രത്തിൽ നിന്നും എത്ര ഫണ്ടാണ് പ്രതീക്ഷിക്കുന്നത്? ഇതിനകം എത്ര തുക കിട്ടിയിട്ടുണ്ട് എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനും മതന്യൂനപക്ഷങ്ങളുടെയും ദുർബലരായ ജനവിഭാഗങ്ങളുടെയും ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനും ഏറ്റവും കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനും തൊഴിൽ പരിശീലനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കോഴിക്കോട് ആസ്ഥാനമാക്കി രൂപീകരിച്ചത്. കെ.എം.ഡി.എഫ്.സി., എൻ.എം.ഡി.എഫ്.സി.-യുടെ ചാനലൈസിംഗ് ഏജന്റായിട്ടാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മൂലധനസഹായവും കേന്ദ്ര സർക്കാരിന്റെയും എൻ.എം.ഡി.എഫ്.സി. യുടെയും ഫണ്ടും ഉപയോഗിച്ചാണ് ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. കോർപ്പറേഷന്റെ അംഗീകൃത മൂലധനം 100 കോടി രൂപയാണ്. 23.8.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം 840 ലക്ഷം രൂപ ഓഹരി മൂലധനമായി കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. പ്രാരംഭഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭക വായ്പ, മഹിളാ സമൃദ്ധി യോജന, പ്രവാസികൾക്കായി

പ്രവാസി വായ്പാ പദ്ധതി, മൈക്രോ ഫൈനാൻസ് വായ്പ തുടങ്ങിവയ്ക്കുള്ള അപേക്ഷകൾ ഇന്നുമുതൽ സ്വീകരിക്കാൻ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി ഗ്രാമീണ മേഖലയിൽ എൺപത്തിമൂവായിരം രൂപയും നഗരങ്ങളിൽ ഒരുലക്ഷത്തി മൂവായിരം രൂപയുമാണ് വരുമാന പരിധി. വായ്പ സംഖ്യ 25 ലക്ഷം രൂപയാണ്. 36 മാസം മുതൽ 84 മാസം വരെയാണ് എല്ലാ വായ്പകളുടെയും തിരിച്ചടവിന്റെ കാലാവധി. പലിശനിരക്ക് 2 മുതൽ 6 ശതമാനം വരെയാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കാസർകോട് കേന്ദ്രങ്ങളാക്കി മേഖലാ ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളും വായ്പ പദ്ധതികളും സംബന്ധിച്ച വിവരങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ)